**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**
**നക്ഷത്ര ചിഹ്നമിട്ട നിയമസഭാചോദ്യം നമ്പർ 18**
**- 30.11.2015-ന് മറുപടി**
**നൽകേണ്ടത്**

## കേരള സംസ്ഥാന സംരംഭക മിഷൻ

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ. ഹൈബി ഈഡൻ,<br>ശ്രീ. പി.എ.മാധവൻ,<br>ശ്രീ. സണ്ണി ജോസഫ്** | **ശ്രീ. ഉമ്മൻ ചാണ്ടി , ബഹു. മുഖ്യമന്ത്രി** |
| എ. | സംസ്ഥാനത്ത് സംരംഭക വികസന മിഷൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കാമോ ; | കേരളത്തിലെ തൊഴിലില്ലായ്മ ഒരു പരിധി വരെ കുറയ്ക്കാനും യുവാക്കളിൽ ഒരു സ്വയം സംരംഭക സംസ്കാരം വളർത്താനും ലക്ഷ്യമിട്ടുകൊണ്ട് 2011-12 സാമ്പത്തിക വർഷം ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതനുസരിച്ച് 08.12.2011-ലെ സ.ഉ (എം.എസ്) നം.590/11/ധന പ്രകാരം കേരള സംസ്ഥാന സ്വയം സംരംഭക വികസന മിഷൻ പദ്ധതി (KSEDM) നടപ്പാക്കിയിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കുന്നതിനായി കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുണ്ട്. |
| ബി | എന്തെല്ലാം ഉദ്ദേശ ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | അറിവും അഭിരുചിയുമുള്ള അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് ധനസഹായം നൽകി കേരളത്തിലെ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക, തൊഴിലില്ലായമ ഒരു പരിധി വരെ കുറയ്ക്കുക എന്നിവയാണ് KSEDM പദ്ധതി വഴി കൈവരിക്കാൻ ഉദ്ദേശിക്കുന്ന ലക്ഷ്യങ്ങൾ. |
| സി | പദ്ധതി നടപ്പാക്കുന്നതിന് ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | ഈ പദ്ധതി നടപ്പിലാക്കുന്നതിനായി സംസ്ഥാന തലത്തിൽ ബഹു. ധനകാര്യ മന്ത്രി ചെയർമാനും ധനവ്യവസായ, തദ്ദേശ സ്വയംഭരണ വകുപ്പുകളുടെ സെക്രട്ടറിമാരും നബാർഡ്, കെ.എഫ്.സി, പരിശീലന കേന്ദ്രങ്ങൾ, ബാങ്കുകൾ/ധനകാര്യ സ്ഥാപനങ്ങൾ തുടങ്ങിയവയുടെ പ്രതിനിധികളും ഉൾപ്പെടുന്ന ഒരു അപെക്സ് കമ്മിറ്റി രൂപീകരിച്ച് , മിഷന്റെ പ്രവർത്തനം അവലോകനം ചെയ്തു വരുന്നു. ഈ പദ്ധതി |

| | | |
|---|---|---|
| | | നടപ്പിലാക്കുന്നതിനായി നോഡൽ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ള കെ.എഫ്.സിയിൽ ഓൺലൈനായി സമർപ്പിക്കുന്ന അപേക്ഷകൾ ഫിനാൻസ് ഡിപ്പാർട്ട്മെന്റിന്റെ പ്രതിനിധി, ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ, ലീഡ് ബാങ്ക് മാനേജർ, വ്യവസായ പ്രതിനിധി, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷൻ ഡയറക്ടർ, കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ചീഫ് മാനേജർ മുതലായവർ അടങ്ങിയ കമ്മിറ്റി എല്ലാ ജില്ലാ കേന്ദ്രങ്ങളിലും വച്ച് അഭിമുഖം നടത്തുകയും, ഇതിൽ തെരഞ്ഞെടുക്കപ്പെട്ടവർക്ക് രണ്ടാഴ്ച നീണ്ട നിൽക്കുന്ന പരിശീലനം നൽകുകയും ചെയ്യുന്നു. വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് പരമാവധി 20 ലക്ഷം രൂപ വരെ കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ അനുവദിക്കും. . |

സെക്ഷൻ ഓഫീസർ